പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.6439 21.11.2019 -ൽ മറുപടിയ്ക്ക്.

## സ്വത്തുതട്ടിപ്പുമായി ബന്ധപ്പെട്ട വ്യാജ രജിസ്ട്രേഷനുകൾ

**ചോദ്യം**

**ശ്രീ.കെ.എൻ.എ ഖാദർ**

**,, പാറക്കൽ അബ്ദുല്ല**

**,, പി.കെ.ബഷീർ**

**,, ടി.എ.അഹമ്മദ് കബീർ**

**ഉത്തരം**

**ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സ്വത്തുതട്ടിപ്പുമായി ബന്ധപ്പെട്ട വ്യാജ രജിസ്ട്രേഷനുകൾ വർദ്ധിച്ചു വരുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) & (സി) | വ്യാജ രജിസ്ട്രേഷനുകൾ നിയന്ത്രിക്കുന്നതിനു വേണ്ടി 1908 ലെ രജിസ്ട്രേഷൻ നിയമത്തിൽ 48/2001 -ാം നമ്പർ ഭേദഗതി പ്രകാരം കൂട്ടിച്ചേർക്കപ്പെട്ട 32 എ വകുപ്പ് പ്രകാരം രജിസ്ട്രേഷൻ ഓഫീസിൽ രജിസ്ട്രേഷനായി ഹാജരാക്കപ്പെടുന്ന ഏത് ആധാരത്തിലും അത് ഹാജരാക്കുന്ന ആളിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും വിരൽപ്പതിപ്പും പതിക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>സ്ഥാവര വസ്തുവിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുന്ന ആധാരങ്ങളിൽ വാങ്ങുന്ന ആളിന്റെയും വിൽക്കുന്ന ആളിന്റെയും പാസ്പോർട്ട് സൈസ് ഫോട്ടോയും വിരൽപ്പതിപ്പും പതിക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>കൂടാതെ രജിസ്ട്രേഷൻ നിയമത്തിൽ 13/2013 -ാം നമ്പർ ഭേദഗതി നിയമപ്രകാരം കൂട്ടിച്ചേർക്കപ്പെട്ട 83 എ വകുപ്പ് |
| (ബി) | ഇത്തരം രജിസ്ട്രേഷനുകൾക്ക് ഉദ്യോഗസ്ഥന്മാരുടെ സഹായം ലഭിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) | വ്യാജമായ രജിസ്ട്രേഷനുകൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | | |

| | | |
|---|---|---|
| | | പ്രകാരം, ആൾമാറാട്ടം വഴി രജിസ്റ്റർ ചെയ്ത ആധാരങ്ങളും നടപടിക്രമങ്ങൾ പാലിക്കാതെ രജിസ്റ്റർ ചെയ്ത് സർക്കാർ ഭൂമി കൈവശപ്പെടുത്തിയതുമായി ബന്ധപ്പെട്ട ആധാരങ്ങളും റദ്ദ് ചെയ്യുന്നതിന് രജിസ്ട്രേഷൻ ഐ.ജി.ക്ക് അധികാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ